ആദിവാസി സെറ്റിൽമെന്റുകളിൽ വിദഗ്ധ ചികിത്സ ലഭ്യമാക്കാൻ നടപടി

106 [1451] ശ്രീ. വർക്കല കഹാർ:
,, കെ. എ. ചന്ദ്രൻ:
,, സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി സെറ്റിൽമെന്റുകളിൽ പ്രാഥമിക ചികിത്സയ്ക്കും വിദഗ്ധ ചികിത്സയ്ക്കുമുള്ള എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ട്;

(ബി) ആദിവാസി സെറ്റിൽമെന്റുകളിൽ പ്രാഥമിക ചികിത്സയും വിദഗ്ദ്ധ ചികിത്സയും എത്തിക്കുന്നതിനോ ആദിവാസികളായ രോഗികളെ പ്രാഥമിക ചികിത്സയും വിദഗ്ധ ചികിത്സയും കിട്ടുന്ന സ്ഥലങ്ങളിൽ കൊണ്ടുപോയി ചികിത്സ ലഭ്യമാക്കുന്നതിനോ ഉള്ള ഒരു പദ്ധതി നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആദിവാസി പ്രാതിനിധ്യം പത്ത് ശതമാനത്തിലധികമുള്ളയിടങ്ങളിൽ ആരോഗ്യവകുപ്പിന്റെ കീഴിൽ 45 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 17 ആയുർവേദ ഡിസ്പെൻസറികളും ഒരു ആയുർവേദ ആശുപത്രിയും 2 എ. എൻ. എം. സെന്ററുകളും 6 ഒ. പി. ക്ലിനിക്കുകളും പ്രവർത്തിച്ചുവരുന്നു. കൂടാതെ ആരോഗ്യ വകുപ്പിന്റെ കീഴിലെ 11 ട്രൈബൽ മൊബൈൽ ഡിസ്പെൻസറികളും വഴിയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലെ രണ്ട് മൊബൈൽ മെഡിക്കൽ യൂണിറ്റുകളും വഴിയും വിദൂര ആദിവാസി ഊരുകളിൽ മെഡിക്കൽ ക്യാമ്പുകളും ഇതിനുപുറമേ വിദഗ്ധ ഡോക്ടർമാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകളും നടത്തിവരുന്നുണ്ട്. വിദഗ്ധ ചികിത്സയ്ക്കായി മാനന്തവാടിയിലെ ഹെൽത്ത് പ്രോജക്ട് ആശുപത്രിയിൽ സൗകര്യം ഏർപ്പെടുത്തുന്നതിനും അട്ടപ്പാടി ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) വിദഗ്ധ ചികിത്സ ആവശ്യമായ രോഗികളെ ചികിത്സാ സൗകര്യം ലഭ്യമായ സ്ഥലങ്ങളിൽ എത്തിക്കുന്നതിന് ഇപ്പോഴും നടപടി സ്വീകരിച്ചുവരുന്നുണ്ട്. നിലവിലുള്ള സംവിധാനം കാര്യക്ഷമമാക്കുന്നതിന് അഡീഷണൽ സെൻട്രൽ അസിസ്റ്റൻസ് വിനിയോഗിച്ച് നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. കൂടാതെ പ്രജനന ശൈശവ ആരോഗ്യ പരിപാടി (ആർ. സി. എച്ച്-II)-യുടെ ഭാഗമായി പ്രാഥമിക വിദഗ്ധ ചികിത്സാ സൗകര്യങ്ങളും ആദിവാസിമേഖലയിൽ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

കൂരാച്ചുണ്ട് ആദിവാസി കോളനിയിലെ സൗകര്യങ്ങൾ

107 [1452] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂരാച്ചുണ്ട് പഞ്ചായത്തിലെ കക്കയം അമ്പലക്കുന്ന് ആദിവാസി കോളനിയിൽ എത്ര കുടുംബങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കോളനിയിലെ കുടുംബങ്ങളിൽ എത്ര കുടുംബങ്ങൾക്ക് വീടുകൾ നിർമ്മിച്ച് നൽകിയെന്ന് വ്യക്തമാക്കാമോ; വീടുകൾ ആര് എജൻസി വഴിയാണ് നിർമ്മിച്ചത് എന്നും ഒരോ വീടിനും എത്ര തുക വീതം ചെലവാക്കിയെന്നും വ്യക്തമാക്കാമോ;

(സി) വീടില്ലാത്ത കുടുംബങ്ങൾക്ക് എപ്പോൾ വീട് പൂർത്തിയാക്കി നൽകാൻ കഴിയുമെന്ന് വിശദമാക്കാമോ;

(ഡി) കോളനിയിൽ വെള്ളവും വെളിച്ചവും ലഭ്യമാണോ; ഇല്ലെങ്കിൽ ശുദ്ധജലവും, വൈദ്യുതിയും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 14 കുടുംബങ്ങൾ.

(ബി) 2000-2001 വർഷത്തിൽ കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ പട്ടികവർഗ്ഗ ഉപപദ്ധതിയിൽപ്പെടുത്തി ആകെ വീടുകൾ നിർമ്മിക്കുന്നതിനായി 42,000 രൂപ നിരക്കിൽ 3,36,000 രൂപ കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിന് നൽകുകയുണ്ടായി. കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്ത് ഗുണഭോക്തൃകമ്മിറ്റി മുഖേനയാണ് പ്രസ്തുത വീടുകളുടെ നിർമ്മാണ നിർവ്വഹണം നടത്തിയിട്ടുള്ളത്. വീടുകളുടെ നിർമ്മാണത്തിനായി മൂന്നു ഗഡുക്കളായി 2,39,400 രൂപ ഗ്രാമപഞ്ചായത്ത് നൽകിയിട്ടുണ്ട്. ഇതിൽ നാല് വീടുകൾ പൂർത്തിയായി. ഓരോ വീടിനും ചെലവാക്കിയ തുക സംബന്ധിച്ചുള്ള വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) വേനരഹിതരായ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും എത്രയുംവേഗം വീട് നൽകുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം.

(ഡി) ശുദ്ധജലവും വൈദ്യുതിയും ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ അവ എത്തിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ആദിവാസികളുടെ പുര കെട്ടിമേയാൻ ഗ്രാൻറ്

108 [1453] ശ്രീ. ബി. വിജയകുമാർ:
,, ടി. യു. രാധാകൃഷ്ണൻ:
,, കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ആദിവാസികളുടെ പുര കെട്ടിമേയാനുള്ള ഗ്രാൻറ് നൽകിയിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ഗ്രാൻറ് ആവശ്യമുള്ളവരിൽ നിന്ന് അപേക്ഷ സ്വീകരിച്ചതിന്റെ അവസാന തീയതി എന്നായിരുന്നു;

(സി) എത്ര ആദിവാസികൾക്കാണ് ഈ ആനുകൂല്യം നൽകേണ്ടത്; ഈ ആനുകൂല്യം ഉടനടി നൽകുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ആദിവാസികളുടെ പുര കെട്ടിമേയാനുള്ള ഗ്രാൻറ് നൽകുന്ന പദ്ധതി ഗ്രാമപഞ്ചായത്തുകൾ വഴിയാണ് നടപ്പാക്കുന്നത്. ഇതു സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly